**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1297** **18-01-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് 18000 രൂപയ്ക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്ന വിദ്യാശ്രീ പദ്ധതി പ്രഖ്യാപിച്ച് 6 മാസം കഴിഞ്ഞിട്ടും ആയത് നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ലാപ് ടോപ്പിനുള്ള ടെൻഡർ നടപടികളുമായി ഐ.ടി. വകുപ്പ് മുന്നോട്ട് പോകുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതെന്നും ഇതിനായി എത്ര പേർ കെ.എസ്.എഫ്.ഇ.-യിൽ രജിസ്റ്റർ ചെയ്തുവെന്നും അറിയിക്കുമോ; | (ബി) | ഈ പദ്ധതി പ്രകാരം 500000 വിദ്യാർത്ഥി കൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. നിലവിൽ 12/01/2021 വരെ ഏകദേശം 68,000 കുടുംബശ്രീ അംഗങ്ങൾ കെ.എസ്.എഫ്.ഇ- യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വിതരണം ചെയ്യുന്ന ലാപ് ടോപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ടോ; വിദ്യാർത്ഥികൾക്ക് ഒന്നിലേറെ കമ്പനികളിൽ നിന്നും ഇഷ്ടമുള്ള കമ്പനിയുടെ പ്രോഡക്ട് തെരഞ്ഞെടുക്കുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ടോ; വ്യക്താമാക്കുമോ; | (സി) | ലാപ് ടോപ്പുകളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ KITE (Kerala Infrastructure and Technology for Education) തയ്യാറാക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് IT വകുപ്പായിരിക്കും തീരുമാനിക്കുന്നത്. IT വകുപ്പ് തയ്യാറാക്കുന്ന അംഗീകൃത പാനലിൽ നിന്നും 18,000/- രൂപയോ അതിനു താഴെയോ വിലയുള്ള ലാപ് ടോപ്പുകൾ അംഗങ്ങൾക്കു ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. എന്ത് തുകയാണ് വായ്പയായി ലഭ്യമാക്കുന്നത്? | (ഡി) | ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ 14,250/- രൂപയാണ് വായ്പയായി ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ